**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5374** **03-11-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാവുന്നത് സംബന്ധിച്ച് 2021 ഒക്ടോബർ 14 മുതൽ 16 വരെയുള്ള തീയതികളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖേന എന്തെങ്കിലും മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലേക്ക് ഏത് രീതിയിലുള്ള മുന്നറിയിപ്പുകളാണ് നൽകിയത് എന്നതിന്റെ വിശദാംശം നൽകുമോ? | (ബി) | ദേശീയ ദുരന്ത നിവാരണ അതോറിറ്റി നോഡൽ ഏജൻസിയായി പ്രഖ്യാപിച്ചിട്ടുള്ള കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലാവസ്ഥാ പ്രവചത്തിന് ഔദ്യോഗികമായ പരിഗണിക്കുന്നത്. എല്ലാ ദിവസവും രാവിലെ 10 മണി, ഉച്ചക്ക് 1 മണി, വൈകിട്ട് 4 മണി എന്നീ സമയങ്ങളിലാണ് കാലാവസ്ഥാ പ്രവചനം പുറപ്പെടുവിക്കുന്നത്. ഈ കാലാവസ്ഥാ പ്രവചനം മലയാളത്തിൽ വിവർത്തനം നടത്തി മാപ്പുകൾ, ഗ്രാഫുകൾ എന്നിവയുടെ സഹായത്തോടെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, മാധ്യമങ്ങൾ, വിവിധ വകുപ്പുകൾ, സുരക്ഷ സേനകൾ, എന്നിവർക്ക് ടെലിഫോൺ സന്ദേശം, ഇ-മെയിൽ, ഹോട്ട് മെയിൽ, ഔദ്യോഗിക സമൂഹ മാധ്യമ പേജുകൾ എന്നിവ വഴി നൽകുകയും പൊതുജനങ്ങളിലെത്തിക്കുകയും ചെയ്യുന്നു. ശക്തമായ മഴ പ്രവചിക്കപ്പെടുന്ന സാഹചര്യങ്ങളിൽ 3 നേരവും അല്ലാത്ത സന്ദർഭങ്ങളിൽ ഉച്ചക്ക് ഒരു മണിക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ഈ രീതിയിൽ മുന്നറിയിപ്പുകൾ പുറപ്പെടുവിക്കാറുണ്ട്. 2021 ഒക്ടോബർ 14 മുതൽ 16 വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറത്തിറക്കിയ എല്ലാ മുന്നറിയിപ്പുകളും മേൽ വിവരിച്ച മാതൃകയിൽ സമയബന്ധിതമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പ് സംവിധാനങ്ങൾ വഴി നൽകിയിട്ടുണ്ട്. ഒക്ടോബർ 14,2021 അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും രൂപപ്പെട്ട ന്യൂനമർദ്ദങ്ങളുടെ ഫലമായി |

14-10-2021 മുതൽ 16-10-2021 വരെ സംസ്ഥാനത്ത് ഒറ്റപ്പെട്ട, ശക്തമായ/ അതിശക്തമായ മഴ ഉണ്ടാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് രാവിലെ 10 മണിക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. 14-10-2021 ന് 6 ജില്ലകളിലും 15-10-2021 ന് 7 ജില്ലകളിലും ഓറഞ്ച് അലേർട്ട് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഉച്ചക്ക് 1 മണിക്ക് പുറപ്പെടുവിച്ച ജില്ലാതല മഴ പ്രവചനത്തിൽ 14-10-2021ലെ ഓറഞ്ച് അലർട്ടുകൾ കേന്ദ്ര കാലാവസ്ഥാ വകുപ്പ് പിൻവലിച്ചു. ഈ മുന്നറിയിപ്പുകൾ കൃത്യമായി വിവിധ കേന്ദ്രങ്ങളിൽ നൽകിയിട്ടുണ്ട്. 14-10-2021 മുതൽ 16-10-2021 വരെ കടൽ പ്രക്ഷുബ്ധമായ മേഖലകളിൽ മൽസ്യബന്ധനത്തിന് പോകരുതെന്ന് പ്രസ്തുത ഇടങ്ങളുടെ മാപ്പ് സഹിതം ഉച്ചക്ക് ഒരു മണിക്ക് അറിയിപ്പ് കൊടുത്തിരുന്നു. കൂടാതെ വൈകിട്ടോടെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറത്തിറക്കിയ പുതുക്കിയ മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം പ്രകാരം കടലിൽ പോയവർ എല്ലാം വൈകിട്ടോടെ അടുത്ത തീരത്ത് എത്തേണ്ടതാണെന്ന് കടലോരങ്ങളുള്ള എല്ലാ ജില്ലകളുടെയും കളക്ടർമാർക്കും, അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങൾ, ഫിഷറീസ് കൺട്രോൾ റൂം, കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് കൺട്രോൾ റൂം, ADGP ഇന്റലിജൻസ് ഓഫീസ് എന്നിവിടങ്ങളിൽ ഹോട്ട് ലൈൻ വഴിയും ഇമെയിൽ വഴിയും നിർദ്ദേശം നൽകി. മാധ്യമങ്ങളുടെ WhatsApp ഗ്രൂപ്പ് വഴി വിവരങ്ങൾ കൈമാറുകയും പൊതുജനങ്ങൾക്കായി സ്ക്രോളിങ് നൽകുകയും ചെയ്തു. 14-10-2021 മുതൽ 18-10-2021 വരെ ശക്തമായ കാറ്റും, ഇടിമിന്നലും ഉണ്ടാകും എന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ അറിയിപ്പും സമാന രീതിയിൽ കൈമാറി. ഒക്ടോബർ 15, 2021 15-10-2021ന് രാവിലെ 10 മണിക്കുള്ള പ്രവചന പ്രകാരം അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും രൂപപ്പെട്ട ന്യൂനമർദ്ദങ്ങളുടെ ഫലമായി 16-10-2021ന് മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്കും, ജില്ലാ അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങൾക്കും എല്ലാ വകുപ്പുകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. മാധ്യങ്ങൾ വഴിയും ദുരന്ത നിവാരണ അതോറിറ്റിയുടെ ഫേസ് ബുക്ക് പേജ്, വാട്സ്ആപ് ഗ്രൂപ്പുകൾ വഴിയും പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകി. കേരള ലക്ഷദ്വീപ് തീരങ്ങളിൽ 15-10-2021 മുതൽ 16-10-2021 വരെ മത്സ്യബന്ധനത്തിന് പോകാൻ

പാട്ടുള്ളതല്ല എന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ അറിയിപ്പ് കടലോര മേഖലകുള്ള ജില്ലകളിലെ കളക്ടർമാർ, അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങൾ, ഫിഷറീസ് കൺട്രോൾ റൂം, കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് കൺട്രോൾ റൂം, ADGP ഇന്റലിജൻസ് ഓഫീസ് എന്നിവിടങ്ങളിൽ ഹോട്ട് ലൈൻ വഴിയും ഇമെയിൽ വഴിയും നിർദ്ദേശം നൽകി. കേന്ദ്ര കാലാവസ്ഥ വകുപ്പ് വൈകിട്ടോടെ പുറത്തിറക്കിയ പുതുക്കിയ ജില്ലാതല മഴ മുന്നറിയിപ്പ് ബന്ധപ്പെട്ട ജില്ലാ അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങൾക്ക് ഹോട്ട് ലൈൻ വഴിയും ഇമെയിൽ വഴിയും കൈമാറി. ഒക്ടോബർ 16, 2021 അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും രൂപപ്പെട്ട ന്യൂനമർദ്ദങ്ങളുടെ ഫലമായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് രാവിലെ 10 മണിക്ക് പുറപ്പെടുവിച്ച ജില്ലാ തല മഴ പ്രവചന പ്രകാരം 11 ജില്ലകളിൽ ഓറഞ്ച് അലേർട്ടും 2 ജില്ലകളിൽ മഞ്ഞ അലേർട്ടും പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്കും, ജില്ലാ അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും ഇമെയിൽ വഴി അറിയിപ്പും നിർദ്ദേശങ്ങളും നൽകി. കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉച്ചക്ക് 1 മണിക്ക് പുറപ്പെടുവിച്ച ജില്ലാതല മഴ പ്രവചനത്തിൽ 16-10-2021 ന് 5 ജില്ലകളിൽ റെഡ് അലർട്ടും, 7 ജില്ലകളിൽ ഓറഞ്ച് അലേർട്ടും, 2 ജില്ലകളിൽ മഞ്ഞ അലേർട്ടും പ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്കും, ജില്ലാ അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും ഇമെയിൽ വഴിയും ഹോട്ട് ലൈൻ വഴിയും അറിയിപ്പും നിർദ്ദേശങ്ങളും നൽകി. കേരള ലക്ഷദ്വീപ് തീരങ്ങളിൽ 16-10-2021 മുതൽ 17-10-2021 വരെ മത്സ്യബന്ധനത്തിന് പോകാൻ പാട്ടുള്ളതല്ല എന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ അറിയിപ്പ് കടലോര മേഖലകുള്ള ജില്ലകളിലെ കളക്ടർമാർ, അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങൾ, ഫിഷറീസ് കൺട്രോൾ റൂം, കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് കൺട്രോൾ റൂം, ADGP ഇന്റലിജൻസ് ഓഫീസ് എന്നിവിടങ്ങളിൽ ഹോട്ട് ലൈൻ വഴിയും ഇമെയിൽ വഴിയും നിർദ്ദേശം നൽകി. 16-10-2021 മുതൽ 17-10-2021 വരെ ശക്തമായ കാറ്റും, ഇടിമിന്നലും ഉണ്ടാകും എന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ അറിയിപ്പ് ബന്ധപ്പെട്ടവർക്കെല്ലാം കൈമാറി. കേന്ദ്ര കാലാവസ്ഥ വകുപ്പ് വൈകിട്ടോടെ പുറത്തിറക്കിയ പുതുക്കിയ ജില്ലാതല മഴ മുന്നറിയിപ്പ് പ്രകാരം 6 ജില്ലകളിൽ റെഡ് അലേർട്ടും, 7 ജില്ലകളിൽ ഓറഞ്ച്

| | | | |
|---|---|---|---|
| | | | അലേർട്ടും, 2 ജില്ലകളിൽ മഞ്ഞ അലേർട്ടും പ്രഖ്യാപിച്ചു. ബന്ധപ്പെട്ട ജില്ലാ അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങൾക്ക് ഹോട്ട് ലൈൻ വഴിയും ഇമെയിൽ വഴിയും വിവരം കൈമാറി. ദുരന്ത നിവാരണ അതോറിറ്റിയുടെ ഫേസ് ബുക്ക് പേജ്, വാട്സ് ആപ് ഗ്രൂപ്പുകൾ, വെബ്സൈറ്റ് എന്നിവ വഴി പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങളും ദുരന്ത മുന്നൊരുക്കങ്ങളും അടങ്ങുന്ന പോസ്റ്ററുകൾ പ്രചരിപ്പിച്ചു. ഇതിനു പുറമെ എല്ലാ മുന്നറിയിപ്പുകളും ദുരന്ത നിവാരണ അതോറിറ്റിയുടെ ഔദ്യോഗിക വാട്സ്ആപ് ഗ്രൂപ്പുകൾ വഴി പ്രചരിപ്പിക്കുകയും ബന്ധപ്പെട്ടവർക്ക് കൈമാറുകയും ചെയ്തു. 2021 ഒക്ടോബർ 14 മുതൽ 17 വരെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകിയ കാലാവസ്ഥാ മുന്നറിയിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**1. Rainfall Warning issued to the following districts:**

| Date | Time (IST) | Heavy Rainfall Warning | Very Heavy Rainfall Warning | Extremely Heavy Rainfall Warnings |
|---|---|---|---|---|
| 14.10.2021 | 1300 | Kollam, Pathanamthitta, Idukki, Palakkad | | |
| 15.10.2021 | 1300 | Thiruvananthapuram, Kollam, Alappuzha, Ernakulam, Idukki, Thrissur, Palakkad, Malappuram | | |
| 16.10.2021 | 1000 | Wayanad, Kannur | Alappuzha, Ernakulam, Thrissur, Palakkad, Malappuram, Kozhikode, Idukki, Kottayam, Thiruvanathapuram, Kollam, Pathanamthitta. | |
| | 1300 | Kannur, Kasargod. | Thiruvananthapuram, Kollam, Palakkad, Alappuzha, Malappuram, Wayanad, Kozhikode. | Pathanamthitta, Idukki, Kottayam, Ernakulam, Thrissur |
| | 1600 | Kannur, Kasargode | Thiruvananthapuram, Kollam, Alappuzha, Malappuram, Wayanad, Kozhikode. | Pathanamthitta, Palakkad, Idukki, Kottayam, Ernakulam, Thrissur |
| 17.10.2021 | 1000 | Thiruvananthapuram, Kollam, Pathanamthitta, Alappuzha, Idukki, Kottayam, Ernakulam, Thrissur, Palakkad, Malappuram, Kozhikode | | |
| | 1300 | Thiruvananthapuram, Kollam, Pathanamthitta, Alappuzha, Idukki, Kottayam, Ernakulam, Thrissur, Palakkad, Malappuram, Kozhikode. | | |

**2. Impact Based Forecast Bulletin issued to the following districts:**

| Date | Time (IST) | Districts |
|---|---|---|
| 16.10.2021 | 0700 | Thiruvananthapuram, Kollam |
| | 0900 | Alappuzha. Idukki, Kottyam, Pathanamthitta |

| Date | Time (IST) | Districts |
|---|---|---|
| | 1100 | Ernakulam, Thrissur |
| | 1530 | Thrissur, Idukki, Kottayam, Ernakulam |
| | 2000 | Malappuram, Kannur, Kozhikode |
| | 2030 | Kollam, Kasargod, Thrissur, Kottayam, Ernakulam, Idukki. |
| | 2330 | Malappuram, Kannur, Kozhikode, Kasargode |
| 17.10.2021 | 0900 | Idukki, Thrissur |

**3. Thunderstorm warnings (nowcast warnings) issued during 14$^{th}$ to 17$^{th}$ Oct 2021:**

| Date | Time (IST) | Districts |
|---|---|---|
| 14.10.2021 | 0100 | Thiruvananthapuram and Kollam |
| | 0400 | Thiruvananthapuram, Kollam,  Alappuzha, Ernakulam, Thrissur |
| | 1300 | Thrissur, Palakkad and Malappuram |
| 15.10.2021 | 2200 | Thiruvananthapuram, Kollam,  Alappuzha and Ernakulam |
| 16.10.2021 | 0100 | Thiruvananthapuram, Kollam,  Alappuzha and Ernakulam |
| | 0700 | Thiruvananthapuram, Kollam,  Alappuzha, Kottayam, Pathanamthitta and Ernakulam districts of Kerala |
| | 1000 | Thiruvananthapuram, Kollam,  Alappuzha, Kottayam, Pathanamthitta, Idukki, Ernakulam and Thrissur |
| | 1300 | Thiruvananthapuram, Kollam,  Alappuzha, Kottayam, Pathanamthitta, Idukki, Ernakulam, Malappuram, Palakkad, Thrissur and Wayand districts of Kerala and over Lakshadweep area. |
| | 1600 | Thiruvananthapuram, Kollam,  Alappuzha, Kottayam, Pathanamthitta, Idukki, Ernakulam, Palakkad and Thrissur |
| | 1900 | Thiruvananthapuram, Kollam,  Alappuzha, Pathanamthitta, Malappuram, Kozhikode, Wayand, Kannur and Kasargod |
| | 2200 | Thiruvananthapuram, Kollam, Pathanamthitta, Idukki, Palakkad, Malappuram, Kozhikode, Wayanad, Kannur and Kasargod |
| 17.10.2021 | 0400 | Pathanamthitta, Idukki and Kottayam |
| | 1000 | Thrissur, Palakkad, Malappuram and Kasargod |
| | 1300 | Kollam, Pathanamthitta, Palakkad, Malappuram and Thrissur |
| | 1600 | Alappuzha, Kottayam, Pathanamthitta, Idukki, Ernakulam and Thrissur districts of Kerala. |
| | 1900 | Ernakulam, Kasargod, Kannur and Kozhikode districts. |
| | 2200 | Thrissur, Kannur and Kasargode |

4. Special Bulletins issued on 14$^{th}$ (at 1500 IST) & on 16$^{th}$ ( at 1430 IST)